**File No.KRWSA-PMU/3466/2017-TA (OP)**

**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 08.08.22 തീയതിയിൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

**പങ്കെടുത്തവർ : PMU, RPMU ഉദ്യോഗസ്ഥർ**
**സമയം : 2.30 pm**

അവലോകന യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബഹു :എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി നിർദ്ദേശിച്ചു.

- 2021-22 സാമ്പത്തിക വർഷം വരെയുള്ള Annual Audit report, Annual Administration Report എന്നിവ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും ആയതു വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തണം.
- ജലനിധി ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 5884 സ്കീമുകളിൽ പൂർണമായും പ്രവർത്തന രഹിതമായ സ്കീമുകളെ പ്രത്യേകം കേന്ദ്രീകരിച്ച് അവയുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സ്കീം പുനരുദ്ധരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.
- KRWSA യുടെ ഗവേണിംഗ് കൌൺസിൽ പുന:സംഘടിപ്പിച്ച് രൂപീകരിച്ചിട്ടില്ലാത്തതിനാൽ സംഘടനയുടെ General Body യോഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- 2022-23 മുതലുള്ള പദ്ധതികൾക്ക് Beneficiary contribution ഒരു pre condition ആക്കേണ്ടതില്ലയെന്നും, ആയതു ലഭിക്കുന്നു എങ്കിൽ പഞ്ചായത്ത് തലത്തിലുള്ള ജോയിന്റ് അക്കൌണ്ടിൽ ടി വിഹിതം ശേഖരിച്ച് പദ്ധതികളുടെ O&M കാര്യങ്ങൾക്കായുള്ള revolving fund ആയി ഉപയോഗിക്കാമെന്നും ED അഭിപ്രായപ്പെട്ടു. അതോടൊപ്പം പരമാവധി മഴവെള്ള സംഭരണികൾ സർക്കാർ സ്ഥാപനങ്ങൾ , സ്കൂളുകൾ, അംഗൻവാടികൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥാപനങ്ങൾക്കും, കിണറുകളെ സുസ്ഥിര കുടിവെള്ള സ്രോതസ്സാക്കുന്നതിനുള്ള പദ്ധതി പൊതു കിണറുകൾക്ക് മുൻഗണന നൽകിയും നടപ്പിലാക്കുന്നത് ഉചിതമായിരിക്കും എന്നും ED അഭിപ്രായപ്പെട്ടു.
- പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല എങ്കിൽ നന്നായി perform ചെയ്യുന്ന മറ്റു പഞ്ചായത്തുകളിലേക്ക് ടി പദ്ധതി മാറ്റി നൽകുന്നതിനുള്ള അവസരം ഒരുക്കണം.
- Research and Development ഉം ആയി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ഒരു സാങ്കേതിക സ്ഥാപനവുമായുള്ള collaboration-ൽ നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
- തുടർന്ന് താഴെ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി അവലോകന യോഗം വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു . (ജില്ല തിരിച്ചുള്ള ആക്ഷൻ പ്ലാൻ ഉള്ളടക്കം ചെയ്തിട്ടുണ്ട് )

A. **ജലനിധി -2 പൂർത്തീകരണം.**
B. **സുസ്ഥിരത പദ്ധതി 2019-20, 2020-21 &2021 -22.**
C. **മഴവെള്ള സംഭരണവും , ഭൂജലപരിപോഷണവും.**
D. **ജലജീവൻ മിഷൻ.**

- കഴിഞ്ഞ യോഗത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി നൽകിയിരുന്ന ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാത്തതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ കടുത്ത അതൃപ്തി രേഖപ്പെടുത്തി. ഇക്കാര്യത്തിൽ

നേരിട്ട് ഉത്തരവാദിത്വം ഉള്ള റീജിയണൽ പ്രൊജക്റ്റ് ഡയറക്ടർമാർക്ക് ഒപ്പം മോണിറ്ററിംഗ് ചുമതലയുള്ള ഹെഡ് ക്വാർട്ടേഴ്സിലെ ഉദ്യോഗസ്ഥർക്കും വീഴ്ച സംഭവിച്ചിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം ടാർജറ്റ് achieve ചെയ്യാത്ത ഉദ്യോഗസ്ഥരുടെ Confidential Report -ൽ ഇക്കാര്യം രേഖപ്പെടുത്തുമെന്ന് ED വ്യക്തമാക്കി.

- സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച പദ്ധതികളുടെ മെഷർ മെൻറ് ബുക്കുകൾ ടെക്നിക്കൽ മാനേജർ/ ചുമതലപെട്ട ഉദ്യോഗസ്ഥൻ അഡ്മിറ്റ് ചെയ്ത് AO മാർ കണക്കിടപാടുകൾ 2022 ആഗസ്റ്റ് മാസത്തിനുള്ളിൽ പൂർത്തീകരിക്കണം. ഇക്കാര്യത്തിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് അടുത്ത യോഗത്തിൽ പ്രത്യേകം അവതരിപ്പിക്കേണ്ടതാണ്.
- RPMU വിൽ നിന്നും നൽകിയ revised action plan-ന്റെ അടിസ്ഥാനത്തിൽ , അതനുസരിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന കർശന നിർദേശം എക്സിക്യൂട്ടീവ് ഡയറക്ടർ RPD മാർക്ക് നൽകി. പുതുക്കിയ ആക്ഷൻ പ്ലാൻ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ചില്ല എങ്കിൽ Deputation ജീവനക്കാരെ വകുപ്പുകളിലേക്ക് മടക്കി അയക്കുന്നതിനും ബന്ധപ്പെട്ട കരാർ ജീവനക്കാരെ terminate ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
- സുസ്ഥിരതാ പദ്ധതിയിൽ ജൂലൈ മാസം മുതൽ ടാർജറ്റ് ചെയ്തിരുന്ന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ drop ചെയ്ത സ്കീമുകളെ സംബന്ധിച്ച് അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി BG/GP യുടെ കത്ത് സഹിതമുള്ള റിപ്പോർട്ട് RPD മാർ PMU വിൽ സമർപ്പിക്കണം.(ഇതിനോടകം dropped ആയ സ്കീമുകളുടെ ലിസ്റ്റ് പ്രത്യേകം ഉള്ളടക്കം ചെയ്തിട്ടുണ്ട്)

E. **<u>FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന</u>**

നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു, (116000 പുതിയ കിറ്റുകൾ ഉൾപ്പെടെ)

| | |
|---|---|
| ലക്ഷ്യം | 354697 സാമ്പിളുകൾ |
| പരിശോധിച്ചത് | 189095 സാമ്പിളുകൾ |
| WQMIS യിൽ അപ്‌ലോഡ് ചെയ്തത് | 117686 സാമ്പിളുകൾ |

WQMIS ൽ പരിശോധന ഫലങ്ങൾ upload ചെയ്യുന്നതിൽ KRWSA പിന്നിലാണ്. ആയതു ത്വരിതപ്പെടുത്തണം. അതോടൊപ്പം FTK പരിശോധന പൂർത്തീകരിച്ച ജില്ലകളിലെ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിന് വേണ്ടി മറ്റു ജില്ലകളിലേക്ക് വിനിയോഗിക്കുന്നതിന് വേണ്ടി RPD മാർ നടപടി സ്വീകരിക്കണം

- <u>ജലനിധി -2 -പൂർത്തീകരണം, സുസ്ഥിരത പദ്ധതി 2019-20, 2020-21 &2021 -22, മഴവെള്ള സംഭരണവും ഭൂജലപരിപോഷണവും, ജലജീവൻ മിഷൻ, FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന എന്നിവയുടെ പുതുക്കി നിശ്ചയിച്ച ടാർജറ്റ് ജില്ല തിരിച്ചുള്ള ആക്ഷൻ പ്ലാനിൽ രേഖപ്പെടുത്തി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്</u>.

**F) മറ്റു തീരുമാനങ്ങൾ**

| നം. | പദ്ധതി | നിർദ്ദേശങ്ങളും തീരുമാനങ്ങളും | ഉത്തരവാദിത്തം | സമയ പരിധി |
|---|---|---|---|---|
| 1 | ഡിജിറ്റൽ ഗവേർണൻസ്, | KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവർത്തികളിലെ സാമ്പത്തിക സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള ED അംഗീകരിച്ച പ്രൊപ്പോസൽ അടുത്ത GC യിൽ | DFA i/c / DD (Fin) i/c | Continuous |

| | | | | |
|---|---|---|---|---|
| | | സമർപ്പിക്കുന്നതാണ്. | | |
| | | NIC ഓഫീസുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് മാസത്തിലെ ഷെഡ്യൂളിൽ KRWSA ഉൾപ്പെടുമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് DBSA followup ചെയ്യേണ്ടതാണ്. | DBSA | Continuous |
| | | PRICE- 3 ലഭ്യമാക്കുന്നത് സംബന്ധിച്ച് - NIC യുമായി 24.6.22 ന് മീറ്റിംഗ് നടത്തിയിട്ടുണ്ട്. Delegation power സംബന്ധിച്ച് സർക്കാരിൽ നിന്ന് ക്ലാരിഫിക്കേഷൻ വാങ്ങി നൽകണമെന്ന് NIC ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഡയറക്ടർ ടെക്നിക്കൽ followup .ചെയ്യണം | DT i/c | Continuous |
| 2 | ജല ജീവൻ മിഷൻ- ISA കളുടെ പ്രവർത്തനങ്ങൾ | ISA കൾ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ-ഡെലിവറബിൾസ്- ജലനിധി വെബ്സൈറ്റിൽ അപ് ഡേറ്റ് ചെയ്യുന്നത് followup ചെയ്യണം. | DOP (i/c) | Continuous |
| 3 | KRWSA ഫയലുകളുടെ Follow-up | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട 6 ഫയലുകളാണ് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്. ആയത് തുടർച്ചയായി follow up ചെയ്യണം. | DFA (i/c), Secretary to ED | Continuous |
| 5 | PMS JALANIDHI എന്ന പുതിയ സോഫ്റ്റ്വെയർ സംബന്ധിച്ച് | PMS ജലനിധി platform ലേക്കുള്ള ഡാറ്റ .എൻട്രി പ്രോഗ്രസ് ചുവടെ ചേർക്കുന്നു<br>**Main Project Data entry Progress**<br>Idukki- 69.30%<br>Malappuram- 64.70%<br>Kannur - 71.41%<br>**Sub project Data entry progress**<br>Idukki - 73.70%<br>Malappuram - 63.50%<br>Kannur - 76.10%. | RPD / D(M&E) i/c | Continuous |

അവലോകനയോഗം 5.30 pm ന് അവസാനിച്ചു.

ഒപ്പ്/-
എക്സിക്യൂട്ടീവ് ഡയറക്ടർ

Approved by Executive Director

Issued by Director (Operations)i/c